കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്ക് കാലിത്തൊഴുത്ത് പുനഃനിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും മറ്റു അവശ്യാധിഷ്ഠിത പദ്ധതികൾക്കും ധനസഹായം നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം ദുരന്തത്തിൽ പശു നഷ്ടപ്പെടുന്നതിന് പരമാവധി 3 എണ്ണമെന്ന നിരക്കിൽ പശു ഒന്നിന് 30,000 രൂപ, പരമാവധി 90,000 രൂപ വരെ ദുരിതാശ്വാസം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അടിസ്ഥാനമാക്കി കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നഷ്ടപരിഹാരത്തുക നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ നഷ്ടപരിഹാരം നിശ്ചയിക്കുന്ന മാനദണ്ഡം 2020 വരെ തുടരും.

**സാമൂഹ്യക്ഷേമ പദ്ധതികളിൽ പട്ടിക വിഭാഗങ്ങളുടെ പ്രാതിനിധ്യം**

8 (*217) ശ്രീ . ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടിക വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ പ്രാതിനിധ്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; തൊഴിലുറപ്പ് പദ്ധതിയിൽ ഇവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പട്ടിക വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കിടയിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടിക വിഭാഗങ്ങളുടെ ഇടയിൽ വിധവാ പെൻഷൻ, വയോജന പെൻഷൻ എന്നിവ ലഭിക്കാനാർഹരായ എല്ലാവർക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പട്ടിക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പട്ടിക വിഭാഗം പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(എഫ്) പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാരുടെ മക്കളല്ലാത്ത പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം കൂട്ടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

പട്ടികജാതി വികസന വകുപ്പ്

ഉണ്ട്. 2017-18 വർഷം 2,09,188 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 18,067 കുടുംബങ്ങൾക്ക് 100 ദിവസത്തിലധികം തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളതാണ്. 2018-19 വർഷം 2,13,230 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 11,052 കുടുംബങ്ങൾ 100 ദിവസത്തിലധികം തൊഴിൽ ചെയ്തിട്ടുണ്ട്. പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

പരിശോധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് പദ്ധതിപ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി**

പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന തൊഴിൽ ദിനങ്ങൾക്കു പുറമെ 100 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. നിലവിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന മഹാത്മാഗാന്ധി തൊഴിലുറപ്പ് സ്റ്റേറ്റ് മിഷൻ വഴിയാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്. പദ്ധതി മുഖേന പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയ്ക്ക് വകുപ്പ് 12.40 കോടി രൂപ സ്റ്റേറ്റ് മിഷന് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകൂർ വേതനം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടിയിലേയ്ക്ക് 6 കോടി രൂപയും വയനാട്ടിലേയ്ക്ക് 5.13 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ, എ.ഡി.എസ്. മുഖേനയുമാണ് നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്. സമൂഹത്തിലെ വളരെ അവശത അനുഭവിക്കുന്നവരും നിരാശ്രയരും നിരാലംബരും ആയ വ്യക്തികൾക്ക് ഒരു ആശ്വാസം എന്ന നിലയ്ക്കാണ് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിനായി സംസ്ഥാന സർക്കാർ ഓരോ വർഷവും ഗണ്യമായ തുക ചെലവഴിക്കുന്നുണ്ട്. എല്ലാ പ്രാദേശിക സർക്കാരുകളും സമ്പൂർണ്ണ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തി ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ള, പട്ടികവിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് ആയത് അനുവദിച്ച് നൽകിയിട്ടുണ്ട്. ബാച്ചുകളായി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പെൻഷൻ തുക ഗുണഭോക്താക്കൾക്ക് വിതരണം നടത്തിവരുന്നു. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ/ കോർപ്പറേഷനുകൾ എന്നിവ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 66,438 വ്യക്തികളാണ് സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റി വരുന്നത്.

കോർപ്പറേഷൻ - 1244

മുനിസിപ്പാലിറ്റി - 3402

ഗ്രാമപഞ്ചായത്ത് - 61792

ഓരോ ജില്ലയിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2944 |
| 2 | കൊല്ലം | 4458 |
| 3 | പത്തനംതിട്ട | 2954 |
| 4 | ആലപ്പുഴ | 1566 |
| 5 | കോട്ടയം | 2544 |
| 6 | ഇടുക്കി | 4572 |
| 7 | എറണാകുളം | 2236 |
| 8 | തൃശ്ശൂർ | 5908 |
| 9 | പാലക്കാട് | 10337 |
| 10 | മലപ്പുറം | 5918 |
| 11 | കോഴിക്കോട് | 2175 |
| 12 | വയനാട് | 11951 |
| 13 | കണ്ണൂർ | 4415 |
| 14 | കാസർഗോഡ് | 4460 |
| | ആകെ | 66438 |

(സി) വിവിധ വകുപ്പുകൾ മുഖേന അനുവദിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ ആർക്കെങ്കിലും ആയത് ലഭിക്കാത്തതായി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി)

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി വകുപ്പ് പെൺകുട്ടികൾക്കായി എം.ആർ.എസ്സുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്ന തിനായി എൽ.ഐ.സി.യുമായി ചേർന്ന് വാത്സല്യ നിധി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതുപ്രകാരം പെൺകുട്ടികളുടെ ഹയർ സെക്കണ്ടറി വരെയെങ്കിലുമുള്ള പഠനം ഉറപ്പുവരുത്തുകയും ഉന്നത പഠനത്തിനായി ഇൻഷ്വറൻസ് തുക പ്രയോജനപ്പെടുത്താനാകുകയും ചെയ്യുന്നു. പദ്ധതി പ്രകാരം 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്നതിന് പ്രതിവർഷം സ്കോളർഷിപ്പും പെൺകുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3 ലക്ഷം രൂപയും ലഭ്യമാക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗത്തിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ തുക ലഭ്യമാകുന്ന "ഗോത്രവാത്സല്യ നിധി"എന്ന ഇൻഷ്വറൻസ് പദ്ധതി.

2. പട്ടികവർഗ്ഗക്കാരിലെ നിരക്ഷരത ഇല്ലാതാക്കുന്നതിനായി പ്രസ്തുത വിഭാഗത്തെ വിവിധ തുല്യതാ പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന "സമഗ്ര സാക്ഷരതാ പദ്ധതി"

3. പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാ പ്രശ്നം ലഘൂകരിക്കുന്നതിന് പ്രൈമറി ക്ലാസ്സുകളിൽ പട്ടികവർഗ്ഗ യുവതീ യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു പദ്ധതി"

4. പട്ടികവർഗ്ഗ കുട്ടികൾക്ക് ട്യൂഷൻ നൽകി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് "സാമൂഹ്യപഠന മുറി പദ്ധതി".

5. അട്ടപ്പാടിയിലെ കുട്ടികൾക്ക് സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം

6. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

7. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന പദ്ധതി.

8. എസ്.എസ്.എൽ.സി., +2 പരീക്ഷകൾ എഴുതുന്നവർക്കായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്

9. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധയിനം ഫീസുകൾ, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി.

10. നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി. തലംവരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് തുടങ്ങിയവ അനുവദിക്കുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി.

11. ദുർഘടവും വിദൂരവുമായ കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ഗോത്ര സാരഥി പദ്ധതി.

12. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ മുടങ്ങാതെ സ്കൂളുകളിൽ എത്തിക്കുന്നതിന് മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ്.

13. വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും.

14. വിദേശത്തുപോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി.

15. അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യങ്ങൾ നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.

16. എട്ടാം ക്ലാസുമുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി.

17. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്.

18. എസ്.എസ്.എൽ.സി. മുതൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.

19. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ "ഭാരത ദർശൻ പദ്ധതി"



LIBRARY ARCHIVES Kerala Legislative Assembly

20. വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി നൈപുണ്യ വികസന പദ്ധതി.

(ഇ)

<u>പട്ടികജാതി വികസന വകുപ്പ്</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വകുപ്പ് പെൺകുട്ടികൾക്കായി പ്രത്യേക ഹോസ്റ്റലുകൾ (പോസ്റ്റ് മെട്രിക്/പ്രീമെട്രിക് തലങ്ങളിൽ) നടത്തുന്നുണ്ട്. കൊഴിഞ്ഞുപോക്ക് തടയുന്നതിന്റെ ഭാഗമായി 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റിനുപുറമെ പഠന സഹായത്തിനായി 2000 രൂപ പ്രതിവർഷം നൽകിവരുന്നു. കൂടാതെ വാത്സല്യനിധി പദ്ധതിയും കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായകമാകുന്നുണ്ട്. ഇൻഷ്വറൻസിന്റെ 2-ാം ഗഡു പ്രീമിയം അടയ്ക്കുന്നതിന് ഒന്നാം ക്ലാസ് പ്രവേശനവും 3-ാം ഗഡുവിന് അഞ്ചാം ക്ലാസ് പ്രവേശനവും 4-ാം ഗഡുവിന് പത്താം ക്ലാസ് വിജയവും മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായുള്ളത്. രക്ഷിതാക്കളോടൊപ്പം കുട്ടികളും പണി സ്ഥലത്തേയ്ക്ക് പോകുന്ന പ്രവണതയുണ്ട്. കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് സ്കൂളിൽ ഇത്തരം കുട്ടികളുടെ ഹാജർ നില കുറവായി കാണപ്പെടുകയും ക്രമേണ സ്കൂളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. വിവിധ ക്ലാസ്സുകളിലെ തോൽവിയും കാരണമാകുന്നുണ്ട്. കുടുംബത്തിലെ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. ഇതേത്തുടർന്ന് രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കാതെ ഇരിക്കുന്നതും ചിലരുടെ രക്ഷിതാക്കളിൽ മദ്യപാന സ്വഭാവവും പ്രമുഖ കാരണങ്ങളിൽപ്പെടുന്നു.

വിദൂര കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് "ഗോത്രസാരഥി" പദ്ധതി.

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽതന്നെയുള്ള ടി.ടി.സി./ബി.എഡ്./ടി.എഡ് പാസ്സായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു" പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന സാമൂഹ്യപഠനമുറി പദ്ധതി.

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്ന രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.

(എഫ്) എല്ലാ വിഭാഗത്തിലും വരുന്ന പട്ടികവിഭാഗ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാക്കുന്നതിന് എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസ്-ന മുകളിൽ ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കായി ദീർഘകാല കോച്ചിംഗ് നേടുന്നതിനായി 20,000 രൂപ വരെ ധനസഹായം നൽകുന്നു. വകുപ്പിനുകീഴിലുള്ള പി.ഇ.റ്റി.സി.-കൾ മുഖേനയും പരിശീലനം നൽകിവരുന്നു.

**ന്യൂജെൻ മയക്കുമരുന്നുകളുടെ ഉപഭോഗം തടയാൻ നടപടി**

9 (*218) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. പി. കെ.ബഷീർ :</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല :</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയിൽപ്പെട്ട മയക്കുമരുന്നുകളുടെ വ്യാപനം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പല രൂപത്തിലും പല ഭാവത്തിലുമുള്ള ന്യൂജെൻ മയക്കുമരുന്നുകൾ തിരിച്ചറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ;

(സി) മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നത് തടയാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) കണ്ടെത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly